**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1541** **05/02/2019 -ൽ മറുപടിയ്ക്ക്**

**കീടനാശിനികളുടെയും കളനാശിനികളുടെയും ഗുണനിലവാരം**

| **ചോദ്യം**<br>**ശ്രീ.രാജു എബ്രഹാം** | **ഉത്തരം**<br>**ശ്രീ. വി.എസ്. സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
|---|---|
| (എ) കാർഷികമേഖലയിൽ ഉപയോഗിക്കുന്ന കീടനാശിനികളുടെയും കളനാശിനികളുടെയും ഗുണനിലവാരം പരിശോധിച്ചിട്ടാണോ കർഷകർക്ക് ഇത് കടകൾ വഴി ലഭ്യമാക്കുന്നത്; | (എ) കാർഷിക മേഖലയിൽ ഉപയോഗിക്കുന്ന കീടനാശിനികളും കളനാശിനികളും ഗുണ നിലവാരം പരിശോധിച്ചിട്ട് വിറ്റഴിക്കുന്നതിനുള്ള പ്രായോഗിക സംവിധാനം നിലവിലില്ല. എന്നാൽ ഇവയുടെ ഉല്പാദനം, വിതരണം, വില്പന എന്നിവയിലേർപ്പെടുന്നതിന് കൃഷി വകുപ്പ് ലൈസൻസിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.<br>കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി കീടനാശിനികളുടെ വിപണനവും ഉപയോഗവും തടയുന്നതിന് കർശന നടപടികളാണ് സ്വീകരിച്ച് വരുന്നത്. ഇതിന്റെ ഭാഗമായി ഇൻസെക്ടിസൈഡ് ഇൻസ്പെക്ടർമാർ/ കൃഷി ശാസ്ത്ര ബിരുദധാരികളായ കൃഷി ഓഫീസർമാർ എല്ലാ മാസവും അതാത് പ്രദേശത്ത് ഡിപ്പോകൾ നിർബന്ധമായും പരിശോധിച്ച് വരുന്നു. പരിശോധനയ്ക്കെടുത്ത സാമ്പിളുകൾ ലാബുകളിലേയ്ക്ക് അയയ്ക്കുകയും നിഷ്കർഷിച്ച ഗുണനിലവാര മാനദണ്ഡ പ്രകാരമല്ല എന്ന് കണ്ടെത്തിയാൽ ഉല്പാദകർക്കെതിരെയും വിതരണക്കാർക്കെതിരേയും നിയമനടപടികൾ സ്വീകരിക്കാൻ ഇൻസെക്ടിസൈഡ് ആക്ട് -1968 പ്രകാരം വ്യവസ്ഥയുണ്ട്. |
| (ബി) മാരകമായ അളവിൽ കീടനാശിനികൾ തളിക്കുന്നതുമൂലം മനുഷ്യർക്കും മറ്റ് ജീവജാലങ്ങൾക്കും | (ബി) ഉണ്ട് |

ദോഷം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കാർഷികമേഖലയുമായി ബന്ധപ്പെട്ടുള്ള കീടനാശിനികൾ വിൽക്കുന്ന കടകളിൽ ഇതിന്റെ ഗുണനിലവാരം പരിശോധിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കൃഷി-ആരോഗ്യ വകുപ്പുകൾ സംയുക്തമായി ഇക്കാര്യം പരിശോധിക്കുകയും പ്രസ്തുത സമിതിയുടെ അനുമതിയോടുകൂടി മാത്രം വളം-കീടനാശിനി പ്രയോഗങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യുമോ;

(സി) ഉണ്ട് കീടനാശിനികളുടെ ഗുണനിലവാര പരിശോധനയ്ക്ക് തിരുവനന്തപുരം പാറോട്ട്കോണത്ത് കീടനാശിനി പരിശോധനാ ലാബ് പ്രവർത്തിക്കുന്നുണ്ട്. പ്രതിവർഷം 2500 സാമ്പിളുകളാണ് ലാബിന്റെ പരിശോധനാ ശേഷി. ഓരോ വർഷവും ശേഖരിക്കേണ്ട സാമ്പിളുകളുടെ എണ്ണം എല്ലാ ജില്ലകൾക്കും കൃഷി ഡയറക്ടർ നിശ്ചയിച്ച് നൽകുകയും അതാത് ജില്ലകളിൽ പ്രവർത്തിക്കുന്ന ഇൻസെക്ടിസൈഡ് ഇൻപെക്ടർമാർ സാമ്പിൾ ശേഖരിച്ച് ലാബിലയച്ച് ഗുണനിലവാരം ഉറപ്പ് വരുത്തുന്നു. സാമ്പിളുകൾക്ക് ഗുണനിലവാരം ഇല്ലാ എന്ന് തെളിഞ്ഞാൽ കീടാനാശിനി/കളനാശിനി/ ഡീലർ/ ഉൽപ്പാദകർ എന്നിവർക്കെതിരെ ഇൻസെക്ടിസൈഡ് ആക്ട് പ്രകാരം നടപടി സ്വീകരിക്കുന്നു.

(ഡി) മനുഷ്യജീവനും ആരോഗ്യത്തിനും ദോഷകരമായേക്കാവുന്ന കള-കീടനാശിനികളെ ഒഴിവാക്കുന്നതിനും ദോഷം കുറഞ്ഞ കള-കീടനാശിനികൾ കൃഷി വകുപ്പ് വഴി വിതരണം ചെയ്യാനും നടപടി സ്വീകരിക്കുമോ?

(ഡി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ജൈവ കീടനാശിനികളുടെ ഉൽപ്പാദനവും വിതരണവും കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് കൃഷി വകുപ്പിന്റെ കീഴിൽ തൃശ്ശൂർ മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ബയോ കൺട്രോൾ ലാബിന്റെ ഉല്പാദന ശേഷി വർദ്ധിപ്പിച്ചിട്ടുണ്ട്. 2000-ൽ കേവലം 3 ഉൽപ്പന്നങ്ങളുമായി പ്രവർത്തനമാരംഭിച്ച സ്ഥാപനം ഇന്ന് 11 ഇനം ജൈവ കീട നിയന്ത്രണ ഉല്പന്നങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നു. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 9 പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകൾ മുഖേന കീട നിയന്ത്രണത്തിലുള്ള പരാദങ്ങളും വിതരണം ചെയ്യുന്നു. കൃഷി ഭവനുകളുമായനുബന്ധിച്ച് പ്രവർത്തിക്കുന്ന പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ മുഖേനയും ജൈവ കീട നിയന്ത്രണോപാധികൾ വിതരണം ചെയ്തു വരുന്നു.

**സെക്ഷൻ ഓഫീസർ**